പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 244 — 19-06-2018- ൽ മറുപടിക്ക്

## പ്രത്യേക കാർഷിക മേഖലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രത്യേക കാർഷിക മേഖലകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്. കൂടാതെ അട്ടപ്പാടിയിൽ ആദിവാസി കൃഷിക്കായി പ്രത്യേക കാർഷിക മേഖലയും ആരംഭിച്ചിട്ടുണ്ട്. 5 വിളകളെ കേന്ദ്രീകരിച്ച് 14 പ്രത്യേക കാർഷിക മേഖലകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവ താഴെ പറയും പ്രകാരമാണ്. |

| | |
|---|---|
| നെല്ല് (7) | കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്. |
| പച്ചക്കറി (4) | ദേവികുളം,കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ-നെന്മാറ |
| വാഴ (1) | തൃശ്ശൂർ |
| പൂക്കൾ (1) | വയനാട് |
| തെങ്ങ് (1) | കോഴിക്കോട് |

കൂടാതെ ആദിവാസി മേഖലയിലെ സമഗ്ര വികസനത്തിനും ഭക്ഷ്യ-പോഷക സുരക്ഷിതത്വത്തിനുമായി ട്രൈബൽ അഗ്രിക്കൾച്ചർ എന്ന പേരിൽ അട്ടപ്പാടി പ്രദേശത്ത് മില്ലറ്റ് വില്ലേജ് പദ്ധതിയും നടപ്പിലാക്കി വരുന്നു. ആദിവാസികൾ പരമ്പരാഗതമായി ഉപയോഗിച്ച് വന്നിരുന്ന തിന, റാഗി, ചോളം മുതലായ ചെറു ധാന്യങ്ങളുടെ കൃഷി മടക്കിക്കൊണ്ട് വന്നിട്ടുണ്ട്. ഇത് വഴി പോഷക സമൃദ്ധമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പാക്കുവാൻ കഴിയുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രത്യേക കാർഷിക മേഖലകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്തെന്ന് വിശദമാക്കുമോ; | (ബി) | കേരളത്തിലെ 5 പ്രധാന വിളകളെ കേന്ദ്രീകരിച്ചാണ് പ്രത്യേക കാർഷിക മേഖലകൾ വിഭാവനം ചെയ്തിട്ടുള്ളത്. പ്രത്യേക കാർഷിക മേഖലയിൽ അതാതു വിളയുടെ സമഗ്ര വികസനം സാധ്യമാക്കി പരമാവധി ആഭ്യന്തര ഉൽപാദനം കൈവരിക്കുവാനും വിളവെടുപ്പിനു ശേഷമുള്ള പരിചരണം, സംസ്ക്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ചിട്ടപ്പെടുത്തി കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത് |
| (സി) | നെല്ലിന്റെ പ്രത്യേക കാർഷിക മേഖലകളായി ഏതൊക്കെ മേഖലകളെയാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | നെൽ കൃഷിക്കായി 7 പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് എന്നിവയാണ്. |
| (ഡി) | ചെറുധാന്യങ്ങൾക്കുള്ള പ്രത്യേക കാർഷിക മേഖലയായി അട്ടപ്പാടിയെ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ഉണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി ചെറുധാന്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് മില്ലറ്റ് വില്ലേജ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2017-18-ൽ അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി വഴി ചെറുധാന്യ കൃഷി നടത്തിയതുവഴി ആദിവാസി മേഖലയിൽ പുതിയ ഉണർവ് ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. ഒന്നാം വർഷത്തിൽ 300 ഹെക്ടർ ചെറു ധാന്യകൃഷിയും 200 ഹെക്ടർ പയർ വർഗ്ഗ കൃഷിയും 15 ഹെക്ടർ പച്ചക്കറി കൃഷിയും 45 ഊരുകളിലായി കൃഷി ചെയ്തു. ഇതിൽ നിന്നും 74.96 ടൺ ചെറുധാന്യങ്ങൾ ഉൾപ്പെടെ വിളവെടുക്കാൻ സാധിച്ചു. ഈ പദ്ധതി 2018-19, 2019-20 എന്നീ വർഷങ്ങളിൽ നടപ്പിലാക്കുന്ന ഒരു തുടർപദ്ധതിയാണ്. |
| (ഇ) | ശീതകാല പച്ചക്കറികൾക്കുള്ള പ്രത്യേക കാർഷിക മേഖലയായി കാന്തല്ലൂർ, വട്ടവട മേഖലകളെ പ്രഖ്യാപിച്ചിട്ടുണ്ടോ; അവിടെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഇ) | കാന്തല്ലൂർ, വട്ടവട മേഖല ഉൾപ്പെടുന്ന ദേവികുളം പച്ചക്കറികൾക്കുള്ള പ്രത്യേക കാർഷിക മേഖലയായി വികസിപ്പിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗിനുമായി 2018-19 ൽ 76.45 ലക്ഷം രൂപ പ്രത്യേക കാർഷിക |

| | | | |
|---|---|---|---|
| | | | മേഖല എന്ന പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ചെക്ക് ഡാമുകളുടെ നിർമ്മാണത്തിനും ജലസേചനത്തിനുള്ള മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി ആനമുടി ഫോറസ്റ്റ് ഡെവലപ്‌മെന്റ് ഏജൻസി, മണ്ണ് സംരക്ഷണ വകുപ്പ് എന്നിവ മുഖേന 5.13 കോടി രൂപയുടെ പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. ശീതകാല പച്ചക്കറികളുടെ വിപണനത്തിനായി വട്ടവടയിൽ ഹോർട്ടി കോർപ്പ് സംഭരണ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**